**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3161** **01-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ . ടി. വി. ഇബ്രാഹിം , ശ്രീ എൻ എ നെല്ലിക്കുന്ന് , ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആഭ്യന്തര വിനോദസഞ്ചാരികളുടെ വർദ്ധനവിന് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ജന സൗഹൃദമാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച വരുന്നു. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടത്തി വരുന്നു. ഇതു പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പ വരുത്തുന്നതിനായി " ഗ്രീൻ കാർപെറ്റ് " എന്ന പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് " ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ " പദ്ധതി പ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വേളി, ധർമ്മടം മുഴപ്പിലങ്ങാട് ബീച്ച്, ബേക്കൽ, ബേപ്പൂർ, കുമരകം, മൂന്നാർ തുടങ്ങിയ കേന്ദ്രങ്ങളിൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നുണ്ട്.<br><br>ടൂറിസം കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പൊതു കാഴ്ചപ്പാടിന്റെ ഭാഗമായി പരിശീലനം ലഭിച്ച 184 |

| | | | |
|---|---|---|---|
| | | | ടൂറിസം പൊലീസുകാരെ കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും റോഡരികിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി ടൂറിസം വകുപ്പ് " ക്ലീൻ ഡെസ്റ്റിനേഷൻ " എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇതിനു പുറമെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Material Collection Facility) ൽ എത്തിച്ചു നൽകുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനം വഴി ഇടുക്കി ഡി.ടി.പി.സി നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ